പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 134

21-1-2014-ൽ മറുപടിക്ക്

## തെരുവ് നായ്ക്കളുടെ ഭീഷണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ.വി. ശശി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ.വിജയൻ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) തെരുവ് നായ്ക്കളുടെ ഭീഷണിയിൽ നിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;<br><br>(സി) തെരുവ് നായ്ക്കളുടെ ആക്രമണത്തിന് വിധേയരാകുന്നവരുടെ ചികിത്സാ ചെലവ് ഗവൺമെന്റോ തദ്ദേശ സ്ഥാപനങ്ങളോ ഏറ്റെടുക്കണമെന്ന ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്തുമോ ? | (ബി), (സി)<br><br>അലഞ്ഞുതിരിഞ്ഞ് നടക്കുന്ന തെരുവ് നായ്ക്കളെ പിടികൂടി നശിപ്പിക്കുന്നത് ബഹു.സുപ്രീംകോടതി എസ്.എൽ.പി(സി)നം.691/2009 ഹർജിയിലെ ഇടക്കാല വിധിപ്രകാരം നിരോധിച്ചിരിക്കുകയാണ്. ആയതിനാൽ തെരുവ് നായ്ക്കളെ കൊല്ലുന്നത് കോടതിയലക്ഷ്യമാണ്. ഇവയുടെ ശല്യം നിയന്ത്രിക്കുന്നതിന് ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുക എന്നതാണ് ഏക മാർഗ്ഗം . തെരുവ് നായ ശല്യം നിയന്ത്രിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ ആന്റി റാബീസ് |

പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കി തെരുവ് നായ ശല്യം നിയന്ത്രിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. 2001-ലെ എ.ബി.സി. റൂൾസ് പ്രകാരം അനിമൽ വെൽഫെയർ ബോർഡ് നടപ്പിലാക്കുന്ന ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം/ ആന്റി റാബീസ് പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ചെലവിന്റെ 50 ശതമാനം അനിമൽ വെൽഫെയർ ബോർഡ് വഹിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാമിന് ബോർഡുമായി കരാറിലേർപ്പെട്ട് വേണ്ടത്ര ധനസഹായം നേടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് , നഗരകാര്യ ഡയറക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. പേവിഷബാധ നിയന്ത്രണം സംബന്ധിച്ച് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പേവിഷ ബാധിതർക്കാ വശ്യമായ ഐ.ഡി.ആർ.ബി /എ.ആർ.വി മരുന്നുകൾ ആരോഗ്യവകുപ്പ് മുഖേന സൗജന്യമായാണ് വിതരണം ചെയ്യുന്നത്. 2001 ലെ എ.ബി.സി റൂൾസിൽ പേവിഷ ബാധയേറ്റവയേയും മാരകമായി മുറിവേറ്റ നായ്ക്കളെയും വേദനരഹിതമായ ദയാവധത്തിന് വിധേയമാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുവെങ്കിലും തെരുവ് നായശല്യം പൂർണ്ണമായും നിയന്ത്രണവിധേയ മാക്കുവാൻ സാധിച്ചിട്ടില്ല. തെരുവ് നായ്ക്കൾ വളർത്ത് മൃഗങ്ങളെയും മനുഷ്യരെയും ഉപദ്രവിച്ചാൽ തനത് ഫണ്ടിൽനിന്നും നഷ്ടപരിഹാരം നല്കാൻ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനിക്കേണ്ടതുണ്ട്. 11/12/2013 തീയതി യിലെ സഉ(എം.എസ്)നം 382/2013/തസ്വഭവ ഉത്തരവ് പ്രകാരം എ.ബി.സി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത് ന്യായവിലമെഡിക്കൽ സ്റ്റോർ വഴി ലഭ്യമാക്കുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്ക് അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മറ്റ് നഗരസഭകളിലും മൃഗക്ഷേമ സംഘടനകളുടെ EXPRESSION OF INTEREST അടിസ്ഥാനത്തിൽ എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നതിന് അനുമതി നല്കിയിട്ടുണ്ട്. മറ്റ് രീതിയിൽ ധനസഹായം ലഭ്യമാക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ